(ബി) ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് പ്രസ്തുത സമരം നിർത്തി വച്ചതെന്നും അങ്ങനെ നിർത്തിയതിന്റെ പേരിൽ എന്തെങ്കിലും ഉറപ്പുകളുണ്ടായിരുന്നോ എന്നും വ്യക്തമാക്കാമോ;

(സി) ഉറപ്പുകളുണ്ടെങ്കിൽ അവ പാലിക്കപ്പെട്ടിട്ടുണ്ടോ; പടിഞ്ഞാറത്തറയിലെ 276-ാം നമ്പർ എഫ്.എൽ.-1 വിദേശമദ്യഷാപ്പ് നിയമാനുസൃതമല്ല പ്രവർത്തിക്കുന്നത് എന്ന് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ;

(ഡി) പടിഞ്ഞാറത്തറ ചുറ്റുഭാഗങ്ങളിൽ വ്യാജമദ്യം സുലഭമാണ് എന്നും അതിൻമേൽ നടപടികൾ എടുക്കണമെന്നും ഉള്ള പരാതികൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി, സി) പടിഞ്ഞാറത്തറയിലെ 276-ാം നമ്പർ എഫ്.എൽ.-1 ഷാപ്പ് മാറ്റിസ്ഥാപിക്കണമെന്ന് മദ്യനിരോധന സമിതിയുടെ വയനാട് ജില്ലാ കമ്മിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്. ടി മദ്യഷാപ്പ് നിയമാനുസൃതമായാണ് പ്രവർത്തിക്കുന്നതെങ്കിലും പരാതി കണക്കിലെടുത്ത് അത് അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും തുടർന്ന് നിരന്തരമായി റെയ്ഡുകൾ നടത്തുകയും ഈ വർഷം ഇതേ വരെ 6 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും അതുമായി ബന്ധപ്പെട്ട് 6 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

തെങ്ങിൽ നിന്നും ചക്കരച്ചെത്ത് നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ നടപടി

37 [3323] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകരയിലും പരിസരത്തും തെങ്ങിൽ നിന്ന് ചക്കരച്ചെത്ത് നിർത്തലാക്കിയത് പുനഃസ്ഥാപിക്കാൻ സന്നദ്ധമാവുമോ;

(ബി) തമിഴ്നാട്ടിൽ നിന്നും കർണ്ണാടകത്തിൽ നിന്നും തെങ്ങിൽ നിന്നും ചക്കരച്ചെത്തു വഴി ഉണ്ടാക്കിയ ചക്കര നമ്മുടെ നാട്ടിൽ വിറ്റു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളത്തിലെ തെങ്ങ് കർഷകർക്ക് നിഷേധിച്ച ചക്കരച്ചെത്ത് പുനഃസ്ഥാപിക്കാൻ അനുവദിക്കുന്നില്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2002-2003 വർഷത്തെ അബ്കാരി നയത്തിൽ മധുരക്കള്ളിൽ നിന്ന് വികസിപ്പിച്ചെടുക്കാവുന്ന ഉൽപ്പന്നങ്ങളെക്കുറിച്ചും അവയുടെ ഉൽപ്പാദന വിപണന സാദ്ധ്യതകളെക്കുറിച്ചും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. തെങ്ങിൻ കള്ളിൽനിന്നും ചക്കര ഉൽപ്പാദിപ്പിക്കുന്ന കാര്യവും ടി കമ്മിറ്റിയുടെ പഠനവിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മേൽപറഞ്ഞ കമ്മിറ്റി ഇക്കാര്യം പഠിച്ചു വരുന്നു. കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

എക്സൈസ് ജീവനക്കാരുടെ പരിശീലനം

38 [3324] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന് പണം അനുവദിച്ചിട്ടും എക്സൈസ് ജീവനക്കാരുടെ പരിശീലന പദ്ധതി നീളാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വർഷങ്ങളായി ഗാർഡുകൾ ഉൾപ്പെടെയുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ശാസ്ത്രീയമായ ഒരു പരിശീലനവും ലഭിക്കുന്നില്ല എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) എക്സൈസ് ഗാർഡുകൾക്കും മറ്റ് ഉദ്യോഗസ്ഥന്മാർക്കും പരിശീലനത്തിന് പ്രത്യേക പാഠ്യപദ്ധതിയോ ആളുകളോ സ്ഥലമോ സ്വന്തമായി ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഗാർഡുകൾ ഉൾപ്പെടെയുള്ള എക്സൈസ് ഉദ്യോഗസ്ഥന്മാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിന് നിലവിൽ സ്വന്തമായി ഒരു പരിശീലന കേന്ദ്രം ഇല്ല. ആയതിനാൽ പോലീസ് ട്രെയിനിംഗ് കോളേജ്, ഐ.എം.സി. തുടങ്ങിയ കേന്ദ്രങ്ങളെയാണ് പരിശീലനത്തിന് ആശ്രയിക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എക്സൈസ് വകുപ്പിന് സ്വന്തമായി ഒരു പരിശീലന കേന്ദ്രം ഇല്ലാത്തതാണ് ഇതിനുള്ള കാരണം. ആയത് ആരംഭിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) എക്സൈസ് ജീവനക്കാരുടെ പരിശീലനത്തിനുവേണ്ടി പ്രത്യേക പാഠ്യപദ്ധതി നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly